പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 84

12/12/2012-ൽ
മറുപടിയ്ക്ക്

**ദേവസ്വം ബോർഡിലെ നിയമനങ്ങൾ**

ചോദ്യം
ശ്രീമതി കെ.കെ. ലതിക
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. ജി. സുധാകരൻ
ശ്രീമതി പി. അയിഷാ പോറ്റി

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) ദേവസ്വം ബോർഡിൽ വനിതാ സംവരണം ഒഴിവാക്കി കൊണ്ട് തീരുമാനിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

എ) തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമം നിലവിൽ വന്നത് 1950 ലാണ് അന്നു മുതൽ 2007 വരെ ഉള്ള 57 വർഷക്കാലം ബോർഡിൽ 3 അംഗങ്ങൾ എന്ന് മാത്രമേ ആക്ടിൽ വ്യവസ്ഥ ചെയ്തിരുന്നുള്ളൂ. സത്രീയെന്നോ പുരുഷനെന്നോ പ്രത്യേകം നിഷ്കർഷിച്ചിരുന്നില്ല. എന്നിരുന്നാലും മുൻകാലങ്ങളിൽ സ്ത്രീകളെ മെമ്പർമാരായി നിയോഗിച്ചിട്ടുണ്ട്. ഇപ്പോഴും സ്ത്രീകളെ നിയമിക്കുന്നതിന് തടസ്സമില്ല. 2007 -ൽ ഒരു ഭേദഗതിയിലൂടെ മുൻ സർക്കാരാണ് സ്ത്രീ എന്നും പുരുഷനെന്നും ഒരു വേർതിരിവ് കൊണ്ടുവന്നത്. ഈ വ്യവസ്ഥ നീക്കം ചെയ്ത് മൂലനിയമത്തിലെ പോലെ ആക്കുകയാണ് ഈ സർക്കാർ ചെയ്തത്.

ബി) ദേവസ്വം ബോർഡിലെ ഭരണ നിർവ്വഹണ വിഭാഗത്തിലേക്കുള്ള ജീവനക്കാരുടെ നിയമനം പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കുമോ;

സി) ഇത്തരം ജീവനക്കാരെ നിയമിക്കുന്നതിന് പുതുതായി എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ബി) & സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികളെ കുറിച്ച് അന്വേഷിക്കുവാൻ 2007 -ൽ ബഹു. ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻെറ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്ക് വേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് വേണമെന്ന് ശുപാർശ ചെയ്തിരുന്നു. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് യോജിക്കുന്നുവെന്ന് അന്നത്തെ സർക്കാരും ദേവസ്വം ബോർഡും ഹൈക്കോടതിയെ അറിയിക്കുകയും 25/08/2008 -ലെ വിനിധിന്യായത്തിൽ കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സെക്കുലർ സ്ഥാപനമായ പി.എസ്.സി ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യം ചൂണ്ടിക്കാണിച്ച് ചില നിവേദനങ്ങളും സർക്കാരിന് ലഭിച്ചിരുന്നു. ഇതിൻെറയെല്ലാം അടിസ്ഥാനത്തിലാണ്

ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദ് ചെയ്യാൻ സർക്കാർ നടപടി എടുത്തത്. പകരം ഒരു ഏകീകൃത ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള കരട് നിയമം തയ്യാറായി വരുന്നു.

സെക്ഷൻ ഓഫീസർ